# പതിനഞ്ചാം കേരള നിയമസഭ

മൂന്നാം സമ്മേളനം

## ചോദ്യോത്തരങ്ങൾ - സംഗ്രഹം

2021 ഒക്ടോബർ 27, ബുധൻ

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എം. ബി. രാജേഷിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## വാങ്മൂലം നൽകിയ ഉത്തരങ്ങൾ

30 (* 301) <u>സപ്ലൈകോയുടെ പ്രവർത്തനം</u>

ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി (ശ്രീ. ജി. ആർ. അനിൽ) നൽകിയ മറുപടിയിൽ, പൊതുവിപണിയിലെ അവശ്യസാധനങ്ങളുടെ വിലവർദ്ധന നിയന്ത്രിക്കാനും അവ കുറഞ്ഞ നിരക്കിൽ വിതരണം ചെയ്യാനും സപ്ലൈകോ നടപടി സ്വീകരിച്ചിട്ടുണ്ടെന്നും ഏപ്രിൽ 2016-നുശേഷം സബ്സിഡി നിരക്കിൽ വിതരണം നടത്തുന്ന 13 ഇനം നിത്യോപയോഗ സാധനങ്ങളുടെ വില യാതൊരു മാറ്റവുമില്ലാതെ തുടർന്നുവരുന്നതായും സഭയെ അറിയിച്ചു. ഇ-ടെണ്ടർ, ഇ-ഓക്ഷൻ വഴി വാങ്ങൽ നടപടിക്രമങ്ങളിൽ സുതാര്യത ഉറപ്പുവരുത്തുകയും പ്രൈസ് സ്റ്റെബിലൈസേഷൻ പദ്ധതി മുഖേന

നാഫെഡിൽനിന്നും അവശ്യ ഭക്ഷ്യസാധനങ്ങൾ മിതമായ നിരക്കിൽ സംഭരിച്ച് ഉപഭോക്താക്കൾക്ക് എത്തിക്കുകയും ചെയ്യുന്നുണ്ട്. 18 മാവേലി സ്റ്റോറുകൾ മാവേലി സൂപ്പർ സ്റ്റോറുകളാക്കി മാറ്റിയിട്ടുണ്ടെന്നും സ്ഥല ലഭ്യതയും വിൽപ്പനസാധ്യതയും കണക്കിലെടുത്ത് മാവേലി സ്റ്റോറുകൾ സൂപ്പർ സ്റ്റോറുകളായി ഉയർത്തുന്നതിന് നടപടി സ്വീകരിച്ചുവരുന്നുണ്ടെന്നും സപ്ലൈകോ സൂപ്പർ മാർക്കറ്റ്, പീപ്പിൾസ് ബസാർ, ഹൈപ്പർ മാർക്കറ്റ് എന്നീ 175 വിൽപ്പനശാലകളിൽ ഗൃഹോപകരണ വിൽപ്പന നടക്കുന്നുണ്ടെന്നും ഉചിതമായ ജാമ്യവ്യവസ്ഥയോടെ തവണവ്യവസ്ഥയിൽ എല്ലാ ബ്രാൻഡുകളുടെയും ഗൃഹോപകരണങ്ങൾ ലഭ്യമാക്കുന്ന കാര്യം സജീവ പരിഗണനയിലാണെന്നും മന്ത്രി വ്യക്തമാക്കി. സപ്ലൈകോയുടെ പ്രവർത്തനം കാര്യക്ഷമവും സുതാര്യവുമാക്കുന്നതിന് ERP (Enterprise Resource Planning) ഏർപ്പെടുത്താനും വിൽപ്പനശാലകളിൽ സി.സി.ടി.വി. ക്യാമറ സ്ഥാപിക്കാനും ഉദ്ദേശിക്കുന്നുണ്ട്. സപ്ലൈകോ മുഖേന വിതരണം ചെയ്യുന്ന ഉല്പന്നങ്ങളുടെ ഗുണനിലവാര പരിശോധന കർശനമാക്കുകയും ഔട്ട്ലെറ്റുകൾ ആധുനികവൽക്കരിക്കുന്നതിന് നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. കുടുംബശ്രീ, വിതരണ ഏജൻസികളുടെ പോർട്ടലുകൾ എന്നിവ മുഖേന ഹോം

ഡെലിവറി സംവിധാനം ഒരുക്കി ഈ മേഖലയെ കൂടുതൽ ജനോപകാരപ്രദമാക്കാൻ നടപടി സ്വീകരിച്ചുവരുന്നു. ഇക്കഴിഞ്ഞ പ്രളയത്തിൽ സപ്ലൈകോയുടെ 8 ഔട്ട്ലെറ്റുകൾക്ക് പൂർണ്ണമായും 5 മാവേലി സൂപ്പർ സ്റ്റോറുകൾക്ക് ഭാഗീകമായും നാശനഷ്ടം സംഭവിക്കുകയും പ്രസ്തുത പ്രദേശങ്ങളിൽ മൊബൈൽ മാവേലി സ്റ്റോറുകൾവഴി ഭക്ഷ്യധാന്യ വിതരണം മുടക്കം കൂടാതെ നടത്തിവരികയും ചെയ്യുന്നുണ്ട്. പ്രളയത്തിൽ റേഷൻ കാർഡുകൾ നഷ്ടപ്പെട്ടവർക്ക് അപേക്ഷിക്കുന്ന മുറയ്ക്ക് പുതിയ കാർഡുകൾ നൽകാൻ നടപടി സ്വീകരിക്കുകയും പ്രളയബാധിത പ്രദേശങ്ങളിലെ ക്യാമ്പുകളിൽ സപ്ലൈകോ മുഖേന നിത്യോപയോഗ സാധനങ്ങൾ എത്തിക്കുകയും ചെയ്തിട്ടുണ്ട്. കെ.എസ്.ആർ.ടി.സി. ബസ്സുകൾ രൂപമാറ്റം വരുത്തി മൊബൈൽ മാവേലിസ്റ്റോറുകളാക്കി സംസ്ഥാനമൊട്ടാകെ വ്യാപിപ്പിക്കുമെന്നും നഗരപ്രദേശങ്ങൾ കേന്ദ്രീകരിച്ച് വാതിൽപ്പടി വിതരണം സാധ്യമാക്കുന്നതിന് നടപടി സ്വീകരിച്ചുവരികയാണെന്നും ആവശ്യകത പരിഗണിച്ച് പുതിയ മാവേലിസ്റ്റോറുകൾ ആരംഭിക്കുന്ന കാര്യം സജീവ പരിഗണനയിലാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

31 (*302) <u>മാലിന്യ സംസ്കരണവും പുനരുപയോഗവും</u>

തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രിക്കുവേണ്ടി പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) നൽകിയ മറുപടിയിൽ, ഖര മാലിന്യ സംസ്കരണശേഷി കൈവരിക്കാൻ തദ്ദേശ ഭരണസ്ഥാപനങ്ങളെ പ്രാപ്തമാക്കുന്നതിന് ലോകബാങ്ക് സഹായത്തോടെ 2100 കോടി രൂപയുടെ 'കേരള ഖര മാലിന്യ സംസ്കരണ പദ്ധതി' പ്രഖ്യാപിച്ചിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. വിഭവ പരിപാലനം എന്ന ആശയത്തിലധിഷ്ഠിതമായ മാലിന്യ സംസ്കരണ നയം നടപ്പിലാക്കുകയും ഉറവിട മാലിന്യ സംസ്കരണം പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നുണ്ട്. ക്ലീൻ കേരള കമ്പനി മൂല്യവർദ്ധന പ്രക്രിയ ഫലപ്രദമാക്കുന്നതിന് മെറ്റീരിയൽ കളക്ഷൻ, പുനഃചംക്രമണ ഏജൻസികളെ എംപാനൽ ചെയ്യൽ, പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് യൂണിറ്റുകൾ സ്ഥാപിക്കൽ, പാഴ്‌വസ്തു കലണ്ടർ തയ്യാറാക്കൽ തുടങ്ങിയ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടപ്പിലാക്കുന്നുണ്ട്. തദ്ദേശ ഭരണസ്ഥാപനങ്ങളുടെ നേതൃത്വത്തിൽ നടത്തപ്പെടുന്ന ശുചിത്വമാലിന്യ പരിപാലന പദ്ധതികൾക്ക് ശുചിത്വ മിഷൻ സാങ്കേതിക പിന്തുണ നൽകുന്നതോടൊപ്പം പ്രവർത്തനങ്ങൾ

നിരീക്ഷിക്കുന്നതിനും പുരോഗതി അവലോകനം ചെയ്യുന്നതിനും 'സ്മാർട്ട് ഗാർബേജ് ആപ്ലിക്കേഷൻ' വികസിപ്പിക്കുകയും ചെയ്തിട്ടുണ്ട്. ധർമ്മടം മണ്ഡലത്തിൽ തെരഞ്ഞെടുപ്പ് പ്രചരണത്തിന് ഉപയോഗിച്ച വസ്തുക്കൾ പുനരുപയോഗിച്ച് മറ്റ് ഉല്പന്നങ്ങൾ നിർമ്മിക്കുന്ന മാതൃകാ പ്രവർത്തനം നടപ്പിലാക്കിയിട്ടുണ്ട്. ഇലക്ട്രോണിക്സ് പാഴ്‌വസ്തുക്കൾ ശേഖരിച്ച് ശരിയായ രീതിയിൽ സംസ്കരിക്കാനും പ്ലാസ്റ്റിക് നിരോധനം കർശനമായി നടപ്പിലാക്കാനും മാലിന്യ സംസ്കരണത്തിന് നൂതന സാങ്കേതികവിദ്യകൾ ഉപയോഗപ്പെടുത്താനും നടപടി സ്വീകരിച്ചിട്ടുണ്ട്. പൊതുസ്ഥലങ്ങൾ മാലിന്യവിമുക്തമാക്കാൻ ശക്തമായ ഇടപെടലുകൾ നടത്തുമെന്നും ഉറവിട മാലിന്യസംസ്കരണം പ്രോത്സാഹിപ്പിക്കുമെന്നും വാണിജ്യസ്ഥാപനങ്ങളിലും ഫ്ലാറ്റുകളിലും ഉറവിട മാലിന്യസംസ്കരണ സംവിധാനം നിർബന്ധമാക്കുമെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

32 (*303) പൊതുജന പരാതി പരിഹാര സംവിധാനം

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) നൽകിയ മറുപടിയിൽ, ഭരണസംവിധാനം ജനകീയമാക്കുംവിധം രൂപപ്പെടുത്തി ജനങ്ങൾക്ക് പ്രാപ്തമാക്കുന്നവിധത്തിൽ സജ്ജീകരിക്കുക എന്ന ലക്ഷ്യം

മുൻനിർത്തിക്കൊണ്ടാണ് സർക്കാരിന്റെ പദ്ധതികൾ പ്രാവർത്തികമാക്കേണ്ടതെന്നും ശാസ്ത്രസാങ്കേതികരംഗത്ത് നാം കൈവരിച്ച നേട്ടങ്ങളെ ഇതിനായി ഉപയോഗപ്പെടുത്തുന്നതിനുള്ള നടപടികളാണ് സർക്കാർ സ്വീകരിച്ചുവരുന്നതെന്നും സഭയെ അറിയിച്ചു. ചുവപ്പുനാട ഒഴിവാക്കി സർക്കാർ സേവനങ്ങൾ വേഗത്തിൽ ജനങ്ങളിലെത്തിക്കാനുള്ള നടപടിയുടെ ഭാഗമായി ഭൂമിയുടെ കരം ഒടുക്കൽ പോലുള്ള സംവിധാനങ്ങൾ ഓൺലൈൻ ആക്കുകയും എല്ലാ വകുപ്പുകളുടെയും ഓൺലൈൻ സേവനങ്ങൾ ഉൾപ്പെടുത്തി 'ഇ-സേവനം' എന്ന കേന്ദ്രീകൃത സർവ്വീസ് പോർട്ടലും 'എം-സേവനം' എന്ന മൊബൈൽ ആപ്ലിക്കേഷനും രൂപം നൽകുകയും പ്രസ്തുത സേവനങ്ങളുടെ സ്ഥിതി വിവരം ലഭ്യമാക്കുന്നതിന് സർവ്വീസ് ഡാഷ് ബോർഡ് വികസിപ്പിക്കുകയും ചെയ്തിട്ടുണ്ട്. വിവിധ സേവനങ്ങൾക്കും സർട്ടിഫിക്കറ്റുകൾക്കും നിലവിലുണ്ടായിരുന്ന ഫീസും സർട്ടിഫിക്കറ്റുകൾ നേടുന്നതിന് ഗസറ്റഡ് ഉദ്യോഗസ്ഥന്റെ സാക്ഷ്യപ്പെടുത്തലും നോട്ടറൈസേഷനും വേണമെന്ന നിബന്ധനയും ഒഴിവാക്കി സർട്ടിഫിക്കറ്റുകൾ പൊതുവായ ആവശ്യങ്ങൾക്ക് നൽകാനും ഇവയുടെ കാലാവധി നീട്ടാനും തീരുമാനിച്ചിട്ടുണ്ട്. സി.എം.ഒ. പോർട്ടൽ വഴിയുള്ള പരാതികൾ വേഗത്തിൽ തീർപ്പാക്കുന്നതിന് പ്രത്യേകം ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തിയിട്ടുണ്ടെന്നും

പരാതികൾ സമയബന്ധിതമായി തീർപ്പാക്കുന്നുവെന്ന് ഉറപ്പുവരുത്തണമെന്ന് എല്ലാ വകുപ്പ് സെക്രട്ടറിമാർക്കും മേധാവികൾക്കും നിർദ്ദേശം നൽകിയിട്ടുണ്ടെന്നും മുഖ്യമന്ത്രി വ്യക്തമാക്കി. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നുള്ള സഹായത്തിന് സമർപ്പിക്കുന്ന അപേക്ഷകളിൽ കാലതാമസം കൂടാതെ തുടർനടപടി സ്വീകരിക്കണമെന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. ഭരണഭാഷ മലയാളമാക്കാനുള്ള തീരുമാനം കർശനമായി നടപ്പിലാക്കുന്നതിനും പി.എസ്.സി. പരീക്ഷകൾ മാതൃഭാഷയിൽ നടത്തുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. കോടതി ഭാഷ മലയാളത്തിലാക്കുന്നതിന് പ്രാഥമിക നടപടികൾ ആരംഭിക്കുകയും ഇതിനായി പുതിയ തസ്തികകൾ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. ഡയറക്ടറേറ്റുകളിൽ ഇ-ഫയൽ സംവിധാനം ഘട്ടംഘട്ടമായി ഏർപ്പെടുത്താനുദ്ദേശിക്കുന്നുവെന്നും സർക്കാർ സേവനങ്ങൾ ജനസൗഹൃദമാക്കിയിട്ടുണ്ടെന്നും അക്ഷയ കേന്ദ്രങ്ങളുടെ കാര്യക്ഷമത വർദ്ധിപ്പിക്കുമെന്നും ദുരിതാശ്വാസനിധിയിൽനിന്നും കാൻസർ, കിഡ്നി രോഗികൾക്ക് നൽകുന്ന ധനസഹായം വർദ്ധിപ്പിക്കുന്ന കാര്യം പരിശോധിച്ചുവരികയാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മുഖ്യമന്ത്രി

അറിയിച്ചു.

33 (*304) <u>പരിസ്ഥിതി സംരക്ഷണ പദ്ധതികൾ</u>

മുഖ്യമന്ത്രി നൽകിയ മറുപടിയിൽ, കേരളത്തിന്റെ പാരിസ്ഥിതിക പ്രശ്നങ്ങളെ സമഗ്രമായി പരിശോധിച്ചുകൊണ്ട് പുറത്തിറക്കിയ പരിസ്ഥിതി ധവളപത്രത്തിന്റെ അടിസ്ഥാനത്തിൽ പരിസ്ഥിതി സംരക്ഷണത്തിന് കാര്യക്ഷമമായ നടപടികൾ സ്വീകരിച്ചുവരുന്നുണ്ടെന്നും ഇക്കാര്യത്തിൽ ജനങ്ങളെ വിശ്വാസത്തിലെടുത്തുകൊണ്ടുള്ള പ്രവർത്തനങ്ങളാണ് സർക്കാർ സംഘടിപ്പിക്കുന്നതെന്നും സഭയെ അറിയിച്ചു. ജനങ്ങളുടെ ആവാസ വ്യവസ്ഥ സംരക്ഷിച്ചുകൊണ്ട് അവയെ പരിസ്ഥിതി സൗഹാർദ്ദമായി മാറ്റിയെടുക്കുന്നതിനുള്ള അവബോധം വളർത്തിയെടുക്കുന്നതിനാണ് സർക്കാർ ലക്ഷ്യമിടുന്നതെന്നും അപ്രതീക്ഷിത കാലാവസ്ഥാ വ്യതിയാനങ്ങളെ നേരിടാൻ കഴിയുന്ന തരത്തിൽ ആവാസ വ്യവസ്ഥയെ രൂപപ്പെടുത്താനുള്ള ഇടപെടലാണ് റീബിൽഡ് കേരളയിലൂടെ മുന്നോട്ടുവയ്ക്കുന്നതെന്നും മുഖ്യമന്ത്രി വ്യക്തമാക്കി. നീർത്തട സംരക്ഷണത്തിനും മാലിന്യനിർമ്മാർജ്ജനത്തിനും ഊന്നൽ നൽകി കഴിഞ്ഞ സർക്കാർ നടപ്പിലാക്കിയ പദ്ധതികൾ തുടർന്നുകൊണ്ടുപോകാൻ തീരുമാനിച്ചിട്ടുണ്ട്. തദ്ദേശ സ്ഥാപനങ്ങൾവഴി സംയോജിത നീർത്തട പ്ലാനുകൾ

തയ്യാറാക്കുകയും റിഡ്ജ്-ടു-വാലി രീതിയിൽ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുകയും ഊർജ്ജ മിതവ്യയത്തിനും ബദൽ ഊർജ്ജ നിർമ്മാണത്തിനും ഉതകുന്ന പദ്ധതികളാവിഷ്കരിക്കുകയും ചെയ്യുന്നുണ്ട്. പരിസ്ഥിതി അവബോധം, ഗവേഷണം, വികസനം, കാലാവസ്ഥാ വ്യതിയാനം എന്നിവയ്ക്ക് ഊന്നൽ നൽകിക്കൊണ്ടുള്ള വിവിധ പദ്ധതികൾ പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന വകുപ്പ് നടപ്പിലാക്കിവരുന്നുണ്ട്. സീവേജും ഖരമാലിന്യങ്ങളും പുഴകളിൽ എത്തിച്ചേരാതിരിക്കുന്നതിനും വലിച്ചെറിയാതിരിക്കുന്നതിനും ജനങ്ങൾക്ക് ബോധവൽക്കരണം നൽകുന്നതിനും നിലവിലുള്ള സ്വിവറേജ് സംസ്കരണ പ്ലാന്റുകളുടെ ഉപയോഗശേഷി വർദ്ധിപ്പിക്കുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു. മലിനജല മാനേജ്മെന്റ് സംവിധാനം ഏർപ്പെടുത്തുന്നതിന് കേരള വാട്ടർ അതോറിറ്റി എല്ലാ ജില്ലകളിലും സ്വിവറേജ് ആന്റ് സെപ്റ്റേജ് മാനേജ്മെന്റ് പ്ലാൻ തയ്യാറാക്കിയിട്ടുണ്ട്. കല്ലട, അച്ചൻകോവിൽ നദികളുടെ പാരിസ്ഥിതിക പുനരുജ്ജീവനത്തിനും ജൈവ വൈവിദ്ധ്യസംരക്ഷണത്തിനുമായി വിവിധ പദ്ധതികളും പാലക്കാട് പെരിയകുളത്ത് അടിയണ നിർമ്മിച്ച് മഴവെള്ള റീചാർജ്ജിലൂടെ ഭൂഗർഭ ജലവിതാനം ഉയർത്തുന്നതിന് മാതൃകാ പദ്ധതിയും

നടപ്പിലാക്കിയിട്ടുണ്ട്. തിരുവനന്തപുരം നഗരത്തിലെ കനാലുകൾ/തോടുകൾ എന്നിവയുടെ ശുചീകരണത്തിനായി "സിറ്റി-ഫ്ളഡ്-തിരുവനന്തപുരം", കൊച്ചി നഗരത്തിലെ കനാലുകൾ ശുചിയാക്കുന്നതിനായി 'ഓപ്പറേഷൻ ബ്രേക്ക് ത്രൂ' എന്നീ പദ്ധതികൾ നടപ്പിലാക്കിവരുന്നുണ്ട്. റീബിൽഡ് കേരള ഇനിഷ്യേറ്റീവിന്റെ ഭാഗമായി തിരുവനന്തപുരം കോർപ്പറേഷനിൽ സ്വിവറേജ് പദ്ധതിയിൽ ഉൾപ്പെടുത്താത്ത പ്രദേശങ്ങൾക്കുവേണ്ടി വിശദമായ റിപ്പോർട്ട് തയ്യാറാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. പരിസ്ഥിതി സംരക്ഷണത്തിന് ഊന്നൽ നൽകിക്കൊണ്ടുള്ള വികസന പ്രവർത്തനങ്ങൾ കൊണ്ടുവരാനാണ് ലക്ഷ്യമിടുന്നതെന്നും നദീതീരങ്ങളിലെ കയ്യേറ്റങ്ങൾക്കെതിരെ കർശന നടപടി സ്വീകരിക്കുമെന്നും പ്രകൃതിദുരന്തങ്ങൾക്ക് സ്ഥായിയായ പരിഹാരം കാണാനാണ് ലക്ഷ്യമിടുന്നതെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മുഖ്യമന്ത്രി അറിയിച്ചു.